**എ.എം.വി. എൽ.പി. സ്കൂൾ**

**THE KINDERGARTEN ENGLISH MEDIUM SCHOOL**

വെങ്ങൂർ, വെളിയം ഉപജില്ല

9446073844



# ACADEMIC MASTER PLAN

# വിഷൻ 2026



# സമഗ്ര
# ഗുണമേൻമാ
# വിദ്യാലയ വികസന പദ്ധതി

Let us Light up Knowledge
Estd:1948
A.M.V L.P.S
VENGOOR

**എ. എം. വി. എൽ. പി. എസ്**
**വേങ്ങൂർ**
**വെളിയം ഉപജില്ല**
**ഇളമാട് ഗ്രാമ പഞ്ചായത്ത്**

Approved

SHAJI.S
Asst. Educational Officer
Veliyam

# താളുകളിലൂടെ

☞ ആമുഖം

☞ ലക്ഷ്യങ്ങൾ

☞ വിദ്യാലയ ചരിത്രം

☞ വിദ്യാലയം മികവിന്റെ കേന്ദ്രം

☞ കുട്ടികളുടെ എണ്ണം

☞ പദ്ധതി രൂപീകരണ പ്രക്രിയ

☞ മികവ് പ്രവർത്തനങ്ങൾ

☞ പദ്ധതി വിശദാംശങ്ങൾ

☞ പ്രതീക്ഷിത നേട്ടങ്ങൾ

☞ മോണിട്ടറിംഗ്

☞ ഉപസംഹാരം

# ആമുഖം

അധികാര വികേന്ദ്രീകരണത്തിന്റെ സാധ്യതകൾ അനുഭവിച്ചറിഞ്ഞ നാടാണ് കേരളം. വർദ്ധമാനമായ തോതിൽ ഇവിടുത്തെ ജനവിഭാഗങ്ങൾ ഗണ്യമായ സംഭാവനകൾ നൽകിക്കൊണ്ട് രൂപപ്പെടുത്തിയ ഒരു സാമൂഹ്യവികസന സംസ്കാരം കേരളത്തെ കേരളമാക്കി മാറ്റുന്നതിൽ വലിയ പങ്കാണ് വഹിച്ച് പോരുന്നത്.

വിദ്യാഭ്യാസവും വികസനവും പരസ്പര പൂരകങ്ങളാണ്. സാമൂഹ്യ നീതിക്ക് വേണ്ടിയുള്ള പോരാട്ടങ്ങളുടേയും ശ്രമങ്ങളുടേയും ഫലമായാണ് സാമൂഹ്യ വികസനവും വിദ്യാഭ്യാസ വികസനവും ഇവിടെ പുരോഗമിച്ചത്. ഇപ്പോൾ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സുശക്തമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നമുക്കുണ്ട്. അതിവിപുലമായ വിദ്യാഭ്യാസശൃംഖല കേരളത്തിന്റെ മാത്രം സവിശേഷതയാണ്.

വിദ്യാഭ്യാസത്തെ വിമോചനത്തിനുള്ള മുന്നുപാധിയാക്കി മാറ്റിയ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾ പുലർത്തിയ മഹത്തായ ഒരു ദർശനം നമുക്ക് മുന്നിലുണ്ട്. എല്ലാവർക്കും തുല്യ അവസരങ്ങൾ പ്രദാനം ചെയ്യുന്ന എല്ലാവരുടേയും ഉത്കർഷം ലക്ഷ്യമിടുന്ന പൊതു സംവിധാനങ്ങൾ വളർന്നു വന്നത് ഈ ദർശനത്തിന്റെ വെളിച്ചത്തിലാണ്. പൊതുവിദ്യാഭ്യാസം അതിന്റെ വളർച്ചയുടെ നിരവധി പടവുകൾ പിന്നിട്ടുകഴിഞ്ഞു. എന്നാൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ആഗ്രഹിച്ച രീതിയിൽ കൈവരിക്കാൻ നമുക്കായില്ല. എവിടെയെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ രംഗത്ത് സവിശേഷശ്രദ്ധ നൽകിയിട്ടുണ്ടോ അവിടെയെല്ലാം വിദ്യാഭ്യാസ ഗുണനിലവാരത്തിന്റെ കാര്യത്തിൽ അഭിലഷണീയ പ്രവണതകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം അനുഭവങ്ങൾ ഉൾക്കൊണ്ട് കൂടുതൽ മികച്ച പ്രവർത്തനം നടത്തേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ കൂട്ടായ്മകൊണ്ട് നമുക്ക് ഏറെ മുന്നോട്ട് പോകാൻ കഴിയും എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പൊതുവിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായ വിദ്യാഭ്യാസ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ വിദ്യാഭ്യാസ വികസനരേഖയ്ക്ക് രൂപം നൽകുന്നത്. ഇതേ സന്ദർഭത്തിൽ തന്നെയാണ്, കേരളത്തിൽ സർക്കാർതലത്തിൽ നടപ്പിലാക്കുന്ന ജനപക്ഷനടപടികളുകളുടെ ഭാഗമായി പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് തുക്കമിട്ടിരിക്കുന്നത്. അഞ്ചുവർഷം കൊണ്ട് ഏതാണ്ട് 6,000 കോടി രൂപ പൊതുവിദ്യാഭ്യാസ മേഖലയിൽ നിക്ഷേപിക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറായിക്കഴിഞ്ഞു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം -സർക്കാരിന്റേയും ജനങ്ങളുടേയും വൻ പദ്ധതികളിലൊന്നായി മാറിക്കഴിഞ്ഞു.

## വിദ്യാലയം അടിസ്ഥാന വിവരങ്ങളിലൂടെ...

| | |
|---|---|
| പേര് | - എ.എം.വി.എൽ.പി. സ്കൂൾ |
| വിലാസം | - വേങ്ങൂർ പി.ഒ, വേങ്ങൂർ |
| ഫോൺ | - 0474 2494546 |
| വിദ്യാഭ്യാസ ഉപജില്ല | - വെളിയം |
| റവന്യൂജില്ല | - കൊല്ലം |
| ബി.ആർ.സി. | - വെളിയം |
| സി.ആർ.സി. | - ഇളമാട് |
| ഗ്രാമപഞ്ചായത്ത് | - ഇളമാട് |
| ബ്ലോക്ക് പഞ്ചായത്ത് | - ചടയമംഗലം |
| ജില്ലാ പഞ്ചായത്ത് | - കൊല്ലം |
| നിയമസഭാ മണ്ഡലം | - ചടയമംഗലം |
| ലോക് സഭാ മണ്ഡലം | - കൊല്ലം |
| താലൂക്ക് | - കൊട്ടാരക്കര |
| വില്ലേജ് | - ഇളമാട് |
| ഇ - മെയിൽ | - lekhavengoor@gmail.com |

# പൊതു ലക്ഷ്യങ്ങൾ

- വിദ്യാലയത്തിലെത്തിച്ചേരുന്ന എല്ലാ കുട്ടികളും അതതുക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ നേടി എന്നുറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം , ഇംഗ്ലീഷ് ഭാഷകൾ അനായാസേന വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക.
- വിദ്യാലയത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക.
- വിദ്യാലയത്തെ സമൂഹവുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
- കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുക.

# വിദ്യാലയ ചരിത്രം

മലയോര കർഷകരും കർഷകതൊഴിലാളികളും തിങ്ങിപ്പാർത്തിരുന്ന ഒരു വന പ്രദേശമായിരുന്നു വേങ്ങൂർ. നാട്ടിൽനിന്നും വിദ്യാഭ്യാസം ചെയ്യാൻ രണ്ട് കിലോമീറ്റർ ദൂരത്തുള്ള തേവന്നൂരിൽ പോകേണ്ടതിനാൽ തൊഴിലാളികളും സംഘടിച്ച കർഷക യൂണിയൻ ഉണ്ടാക്കുകയും, യൂണിയൻ അംഗങ്ങളുടെ ശ്രമഫലമായി 1948-ൽ കർഷക യൂണിയന്റെ പേരിൽ ഒരു ലോവർ പ്രൈമറി സ്കൂൾ നാട്ടിൽ അനുവദിച്ചു കിട്ടുകയും ചെയ്തു. കർഷക യൂണിയൻ എൽ. പി സ്കൂൾ (കെ. എൽ. പി. എസ്.) എന്നായിരുന്നു സ്കൂളിന്റെ ആദ്യത്തെ പേര്. അന്നത്തെ യൂണിയൻപ്രസിഡന്റ് ആയിരുന്ന ശ്രീ. എം. സി. തോമസിന്റെ പേരിൽ ഉൾപ്പെട്ട ഭരണസമിതിയുടെ പേരിൽ വിദ്യാലയത്തിന്റെ ഭരണ ചുമതല സൗകര്യാർത്ഥം ശ്രീ. എം. സി. തോമസിനെ ഏൽപ്പിക്കുകയും ചെയ്തു. സ്കൂളിന്റെ മാനേജ്മെന്റ് 1993-ൽ ശ്രീ എം സി തോമസിന്റെ കാലശേഷം അദ്ദേഹത്തിന്റെ മകനായ ശ്രീ. റ്റി. ഫിലിപ്പിന് ലഭിക്കുകയും തുടർന്ന് സ്കൂൾ 2005-ൽ ശ്രീ എൻ ജോൺകുട്ടി വിലയ്ക്ക് വാങ്ങുകയും, 2007-ൽ വീണ്ടും സ്കൂൾ ശ്രീ. എബ്രഹാം മാത്യു വിലയ്ക്ക് വാങ്ങുകയും ചെയ്തു. വിദ്യാലയ ആരംഭത്തിൽ വളരെ കുട്ടികൾ പഠിച്ചിരുന്ന സ്കൂളിൽ ഓരോ ക്ലാസിലും 3 ഡിവിഷനുകൾ വീതം ഉണ്ടായിരുന്നു. ഇന്ന് ഓരോ ക്ലാസ്സും ഓരോ ഡിവിഷൻ ആയി തുടർന്നു വരുന്നു. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ നാല് അധ്യാപകർ ജോലി ചെയ്തുവരുന്നു.

ഇന്നത്തെ സ്ഥിതിക്ക് കാരണം മലയാളം മീഡിയത്തോടുള്ള രക്ഷിതാക്കളുടെ മനോഭാവവും അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള അമിത ആസക്തിയും ആണ്.

പൊതുവിദ്യാഭ്യാസം സംരക്ഷിക്കുക

പൊതുവിദ്യാഭ്യാസം നിലനിൽക്കേണ്ടതിന്റെ പ്രസക്തി വിദ്യാലയവുമായി ബന്ധപ്പെട്ട മുഴുവൻ ആളുകൾക്കും ബോദ്ധ്യമുള്ള ഒന്നാണ്. വിദ്യാലയത്തിലെ മുഴുവൻ അധ്യാപ കരും പൊതുവിദ്യാഭ്യാസം നിലനിൽക്കുന്നതിന് വേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കു ന്നവരാണ്. മുഴുവൻ അധ്യാപകരുടേയും മക്കൾ പൊതുവിദ്യാലയങ്ങളിൽ നിന്ന് വിദ്യാ ഭ്യാസം ചെയ്തവരോ, ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നവരോ ആണ് എന്നുള്ളത് ഏറെ ശ്രദ്ധേയമായ ഒരു കാര്യമാണ്. വിദ്യാലയം ഇരിക്കുന്ന പ്രദേശത്തെ ഭൂരിപക്ഷം ജനങ്ങളും പൊതുവിദ്യാലയങ്ങളിൽ തങ്ങളുടെ മക്കളെ അയക്കുന്നതിന് താല്പര്യം കാണി ക്കുന്നില്ലായെന്നത് ഏറെ ഗൗരവത്തോടെ കാണേണ്ട ഒരു കാര്യമാണ്. പ്രദേശത്ത് സാമ്പ ത്തികമായി മുന്നിൽ നിൽക്കുന്ന രക്ഷിതാക്കൾ തങ്ങളുടെ മക്കളെ വരേണ്യ വിദ്യാലയങ്ങ ളിലേക്കാണ് അയക്കുന്നത്. നിരവധി പരിമിധികൾക്കുള്ളിലും വിദ്യാലയ പ്രവർത്തനങ്ങൾ പൊതുവെ നാട്ടുകാർക്ക് വിശ്വാസം ഉള്ള തരത്തിലാണ് വിലയിരുത്തപ്പെടുന്നത്. എങ്കിലും കുട്ടികളുടെ എണ്ണക്കുറവ് നമ്മുടെ വിദ്യാലയത്തിൽ Minimum Strength നില നിർത്താൻ മറ്റു പ്രദേശങ്ങളിൽ നിന്ന് കുട്ടികളെ ആകർഷിക്കേണ്ട ഘട്ടത്തിലാണ് എത്തിനിൽക്കുന്നത്.

| Std | Boys | Girls | Total |
|---|---|---|---|
| 1 | 15 | 19 | 34 |
| 2 | 15 | 17 | 32 |
| 3 | 13 | 21 | 34 |
| 4 | 9 | 10 | 19 |
| Total | 52 | 67 | 119 |

## കുട്ടികളുടെ അക്കാദമിക നിലവാരം

നടപ്പ് പ്രവർത്തന വർഷത്തിലെ കുട്ടികളുടെ ശരാശരി പഠനനിലവാരം പരിശോധിക്കുമ്പോൾ 65 ശതമാനം കുട്ടികൾ എ ഗ്രേഡ് നേടിയവരാണ്, 20 ശതമാനം പേർ ബി ഗ്രേഡുകാരും, 10 ശതമാനം പേർ സി ഗ്രേഡുകാരും. 5 ശതമാനം കുട്ടികൾ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുമാണ്. പൊതുവെ കുട്ടികൾക്ക് ഭാഷയിലും, ഗണിതത്തിലുമാണ് കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി കണ്ടെത്തിയിട്ടുള്ളത്. ഭാഷാ പഠനത്തിൽ ഭാഷണം, ലേഖനം എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടിയിരിക്കുന്നു. പരിസര പഠനത്തിൽ കുട്ടികൾ കൂടുതൽ സ്കോർ നേടുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇംഗ്ലീഷ്ഭാഷാപഠനം കുട്ടികൾക്ക് വലിയ താല്പര്യം ഉണർത്തുന്ന ഒന്നായി വിലയിരുത്തുന്നു. വിദ്യാലയത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ തുടർച്ച കുട്ടികളുടെ വീടുകളിൽനിന്നും വേണ്ടത്ര ഉണ്ടാകുന്നില്ലെന്ന വിമർശനം അധ്യാപകരുടെ ഇടയിൽ അഭിപ്രായം ഉണ്ട്. ട്യൂഷൻ/ഗൈഡുകൾ പോലുള്ള അധിക പഠനത്തിനുവേണ്ടി രക്ഷിതാക്കളിൽ 50 ശതമാനത്തോളം പേർ ശ്രമിക്കുന്നുണ്ട്. എന്നാൽ ട്യൂഷൻ ക്ലാസുകളിൽ നിന്നും ഗൈഡുകളിൽ നിന്നും പലപ്പോഴും കുട്ടികൾക്ക് ഉദ്ദേശിച്ച ലക്ഷ്യങ്ങൾക്ക് സഹായകരമല്ലാത്ത കാര്യങ്ങളാണ് ലഭിക്കുന്നത് എന്നും വിലയിരുത്തപ്പെടുന്നുണ്ട്. ഇതു സംബന്ധിച്ച് രക്ഷിതാക്കൾക്കിടയിലും ട്യൂഷൻ അധ്യാപകർക്കിടയിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് പരിഹാരം ഉണ്ടാക്കാൻ കഴിയണം.

വിദ്യാലയത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനനിലവാരത്തിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. മൊത്തമുള്ള 5 പട്ടികജാതി വിഭാഗം കുട്ടികളിൽ 50 ശതമാനം കുട്ടികൾ മാത്രമാണ് എ ഗ്രേഡ് നേടിയത്, ബാക്കിയുള്ള കുട്ടികൾ താഴ്ന്ന ഗ്രേഡുകളിൽ നിൽക്കുന്നുവെന്നുള്ളതും ഗൗരവത്തോടെ പരിശോധിക്കണം. വിശദാംശങ്ങൾ പട്ടികയായി ചേർത്തിട്ടുണ്ട്.

വിദ്യാലയത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ 4 പേരാണ്. ഈ കുട്ടികൾക്ക് വിദ്യാലയ തലത്തിൽ പ്രോത്സാഹനങ്ങൾ നൽകാൻ ശ്രമങ്ങൾ ഉണ്ടെങ്കിലും ഇവരുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ഉതകുന്ന തരത്തിൽ അക്കാദമിക മേഖലയിൽ വേണ്ടത്ര മുന്നേറാൻ കഴിഞ്ഞിട്ടില്ലായെന്ന വിമർശനവും നിലനിൽക്കുന്നു.

## അദ്ധ്യാപകരെ സംബന്ധിക്കുന്ന വിവരങ്ങൾ

ഇപ്പോൾ വിദ്യാലയത്തിൽ 4 അദ്ധ്യാപകരുടെ തസ്തികയാണ് അനുവദിച്ച് കിട്ടിയിരിക്കുന്നത്. പ്രധാന അദ്ധ്യാപിക, 3 അസിസ്റ്റന്റ് ടീച്ചർമാർ കൂടാതെ വിദ്യാലയത്തിന് അനുബന്ധമായി പ്രവർത്തിക്കുന്ന പ്രീ പ്രൈമറി വിഭാഗത്തിൽ ഒരു ടീച്ചറും ഒരു ആയയും ഉണ്ട്. അദ്ധ്യാപകർക്ക് സേവനകാല പരിശീലനങ്ങൾ ബി.ആർ.സി. യിൽ നിന്ന് ലഭ്യമാകുന്നുണ്ടെങ്കിലും വിദ്യാലയ ആവശ്യങ്ങൾക്കനുസരിച്ച് പരിശീലനങ്ങൾ പ്രയോജനപ്പെടുന്നില്ല എന്ന വിമർശനം നിലനിൽക്കുന്നു. ഇതു സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ഭാവി പ്രവർത്തനങ്ങളുടെ ഭാഗമായി ചേർത്തിട്ടുണ്ട്.

# വിഷൻ 2026

മേഖല - അക്കാദമികം

ഉപമേഖല - ഭാഷാപഠനം

പ്രവർത്തനത്തിന്റെ പേര് - **മധുരംമലയാളം**

**ലക്ഷ്യങ്ങൾ** - മാതൃഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തമാക്കൽ

കുട്ടികളുടെ മാതൃഭാഷ നിലവാരമുയർത്താൻ കുട്ടികളുടെ നിലവാരം പരിഗണിച്ചു കൊണ്ടുള്ള വായനാ സാമഗ്രികളുടെ ശേഖരണവും നിർമ്മാണവും

## നടത്തുന്ന പ്രവർത്തനങ്ങൾ

### 1 വായനാ സാമഗ്രികൾ ഉറപ്പാക്കൽ

ഭാഷാപഠനത്തിന്റെ ഭാഗമായി വായിച്ചിരിക്കേണ്ട സാമഗ്രികൾ ?? സംബന്ധിച്ച് പുസ്തകങ്ങളുടെ ലിസ്റ്റ് ഉപയോഗപ്പെടുത്തി ശേഖരിക്കൽ

ലൈബ്രറികളിൽ ആവശ്യമായ പുസ്തകങ്ങൾ വാങ്ങൽ

വായനാ കാർഡുകൾ തയ്യാറാക്കൽ

വായനാമൂല മെച്ചപ്പെടുത്തൽ

വായനാ സാമഗ്രികൾ ശിൽപ്പശാലയിൽ തയ്യാറാക്കി അവ ആകർഷകമായി എഴുതി തയ്യാറാക്കൽ

ബാലസാഹിത്യ മാസികകൾ യുറീക്ക, കളിക്കുടുക്ക, ഡൈജസ്റ്റ് എന്നിവ വായന മൂലയിൽ സ്പോൺസർഷിപ്പിൽ എത്തിക്കൽ

### 2 പത്രവായന

എല്ലാ ക്ലാസുകളിലേക്കും ഓരോ പത്രം

ക്ലാസ് മുറിയിൽ പത്രങ്ങൾ ക്ലിപ്പ് ചെയ്തു കുട്ടികളെക്കൊണ്ട് വായിപ്പിക്കൽ

അസംബ്ലിയിലും ക്ലാസ് മുറിയിലും നിത്യവും പത്രവായനയും വിശകലനവും

പത്ര ക്വിസ്

### 3 മികച്ച രചനകൾ ഒരുക്കൽ

പഠനപ്രവർത്തനത്തിന്റെ ഭാഗമായി ക്ലാസ് മുറികളിൽ നടക്കേണ്ട രചനാ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി നടത്തൽ

രചനകൾ ചേർത്ത് പതിപ്പാക്കൽ

പതിപ്പുകൾ അധ്യാപകർ കൈമാറി വായിക്കൽ

മികവുകളും പോരായ്മകളും എസ്. ആർ. ജി. യിൽ ചർച്ചചെയ്യൽ

പരിഹാരങ്ങളും വരുത്തേണ്ട മാറ്റങ്ങളും ചർച്ച ചെയ്തു തീരുമാനിക്കൽ

തുടർ പ്രവർത്തനം പരിപാടി നിശ്ചയിക്കൽ

മേഖല: അക്കാദമികം    ഉപമേഖല: ഭാഷാശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ |
|---|---|---|---|
| എല്ലാ കുട്ടികൾക്കും മാതൃഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ | 1. കുട്ടികളുടെ മികവുകളും പരിമിതികളും കണ്ടെത്തുന്നു | ജൂൺ 2025 | ക്ലാസ് അധ്യാപക |
| | 2. പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. | ജൂലൈ | പിടിഎ<br>പ്രഥമ അധ്യാപകൻ |
| | 3. ഒരു ദിവസം ഒരു ഭാഷാ പരിപാടി | | |
| | 4. ക്ലാസ് ലൈബ്രറി പത്രവായന സാമഗ്രികൾ | ജൂലൈ, ഓഗസ്റ്റ് | ക്ലാസ് അധ്യാപകൻ |
| | 5. പതിപ്പുകൾ സാമഗ്രികൾ | ജൂലൈ,സെപ്റ്റംബർ | ക്ലാസ് അധ്യാപകൻ |
| | 6. മേനിപറച്ചിൽ | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | ക്ലാസ് അധ്യാപകൻ |
| | 7. റോഡ് പ്ലേ | | ക്ലാസ് അധ്യാപകൻ |
| | 8. ലഘുനാടകങ്ങൾ | ഡിസംബർ | പിടിഎ |
| | 9. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കാൻ | ഡിസംബർ | ക്ലാസ് അധ്യാപകൻ |
| | 10. സംവാദം അഭിമുഖം | | |
| | 11. ശില്പശാല സംഘടിപ്പിക്കുന്നു | ഡിസംബർ | ക്ലാസ് അധ്യാപകൻ<br>പ്രഥമ അധ്യാപകൻ |
| | 12. പുസ്തക പരിചയ പരിപാടി | ജനുവരി | പിടിഎ |
| | 13. പുസ്തകചർച്ച | ഡിസംബർ | |
| | 14. എഴുത്തുകൂട്ടം രൂപീകരിക്കൽ. | ജനുവരി | ക്ലാസ് അധ്യാപകൻ |
| | | ജനുവരി | പ്രഥമ അധ്യാപകൻ, ക്ലാസ് അധ്യാപകൻ |

**മേഖല: അക്കാദമികം** **ഉപമേഖല: ഇംഗ്ലീഷ് ഭാഷാ ശേഷി വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കുന്നതിനും എഴുതുന്നതിനും സംസാരിക്കുന്നതിനുള്ള ശേഷി വികസിപ്പിക്കൽ | 1. മികവുകളും പോരായ്മകളും കണ്ടെത്തുന്നു<br><br>2. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു<br><br>3. ഇംഗ്ലീഷ് ഉച്ചാരണ ശബ്ദങ്ങളുമായുള്ള ബന്ധം<br><br>4. ചിത്ര വിശകലനം<br><br>5. പിച്ചർ ഡിക്ഷ്ണറി രൂപീകരണം<br><br>6. ചോദ്യങ്ങൾ തയ്യാറാക്കൽ<br><br>7. പത്രവായന<br><br>8. അസംബ്ലി<br><br>9. പതിപ്പ്<br><br>10.മാഗസിൻ തയ്യാറാക്കൽ<br><br>11. വായനാ മത്സരങ്ങൾ<br><br>12. വാക്കുകൾ അർത്ഥം കണ്ടെത്തൽ<br><br>13. ഡിക്ഷണറി രൂപീകരണം<br><br>14. കഥകൾ കവിതകൾ ശേഖരണം | ജൂൺ മുതൽ ഒരു വർഷം | പുസ്തകങ്ങൾ ശേഖരണം (ഇംഗ്ലീഷ്)<br><br>ഡിക്ഷ്ണറി | ബി ആർ സി<br>പി ടി എ<br>ടീച്ചർ |

**മേഖല: അക്കാദമികം** **ഉപമേഖല: ശാസ്ത്ര ശേഷി വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| മേഖല അക്കാദമിക് മേഖല അടിസ്ഥാന ശാസ്ത്രം ലക്ഷണങ്ങൾ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ യും ശാസ്ത്ര തത്ത്വങ്ങളെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുകയും ശാസ്ത്ര വിഷയങ്ങളിൽ താത്പര്യം വളർത്തി ശാസ്ത്രനേട്ടങ്ങളെ സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക | 1. സൂക്ഷ്മതലത്തിൽ പരിസര നിരീക്ഷണം<br>2. ഫീൽഡ് ട്രിപ്പ്<br>3. നിരീക്ഷിച്ച കാര്യങ്ങൾ ശാസ്ത്രീയമായി വ്യാഖ്യാനിക്കൽ പരീക്ഷണത്തിൽ ഏർപ്പെടൽ<br>4. സയൻസ് വർക്ക്ഷോപ്പ്<br>5. സയൻസ് വർക്ക് ഷോപ്പിലൂടെ സ്വന്തമായി ഉപകരണങ്ങൾ നിർമ്മിക്കുകയും പുതിയ അറിവുകൾ നേടുകയും ചെയ്യുന്നു<br>6. ക്ലബ്ബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ<br>7. ശാസ്ത്രലാബ് നവീകരണം<br>8. ഐ സി റ്റി<br>9. ലഘു പ്രോജക്റ്റുകൾ<br>10.വിവരശേഖരണം<br>11. അഭിമുഖം<br>12. ചിത്രം വരക്കൽ | ജൂൺ മുതൽ ഒരു വർഷം | ശാസ്ത്ര ലബോറട്ടറി<br>ശാസ്ത്ര ലൈബ്രറി | ബി ആർ സി<br>പി ടി എ<br>ടീച്ചർ |

മേഖല: അക്കാദമികം ഉപമേഖല: ഗണിത ശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു<br><br>ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br><br>ചതുഷ്ക്രിയകളിൽ പ്രാവിണ്യം നേടാൻ പ്രാപ്തരാക്കുക | 1. പ്രീ ടെസ്റ്റ് വിവിധതരം കളികൾ സംഖ്യ കാർഡ് സംഖ്യ വീട് ആരോഹണ അവരോഹണ ക്രമത്തിൽ സംഘ്യകളെ ക്രമീകരിക്കൽ<br><br>2. പ്രായോഗിക സന്ദർഭങ്ങൾ വിശകലനം ചെയ്യുന്നു<br>3. ഡൈസ് കളി,സംഖ്യ ചക്രം<br>4. ഗണിതമേള സ്കൂൾതലം<br>5. ഗണിത ക്ലബ്<br>6. വർക്ക് ഷീറ്റുകൾ<br>7. മനക്കണക്കിലൂടെ ക്രിയകൾ<br>8. ഗണിത ശാസ്ത്ര പ്രതിഭകളെ പരിചയപ്പെടൽ<br>9. വ്യവകലന ക്രിയയിലൂടെ കടമെടുത്തു ചെയ്യുന്നു 10.പഠന മികവുകൾ പ്രദർശിപ്പിക്കൽ . | ജൂൺ മുതൽ ഒരു വർഷം | ഗണിതലാബ്<br><br>ഗണിത ലൈബ്രറി | രക്ഷകർത്താവ് അധ്യാപിക |

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### ഒറ്റനോട്ടത്തിൽ

## വിദ്യാലയം മികവിന്റെ കേന്ദ്രം-വിഷൻ

**മേഖല -അക്കാദമികം**
**ഉപമേഖല - ഭാഷാപഠനം**

**ലക്ഷ്യങ്ങൾ**
എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പു വരുത്തൽ. -ഭാഷ വികസനത്തിന് ആധുനിക സാങ്കേതികവിദ്യ

### നടത്തുന്ന പ്രവർത്തനങ്ങൾ

എല്ലാ കുട്ടികൾക്കും വായിക്കുവാനുള്ള കഴിവുകൾ വികസിപ്പിക്കാൻ ഇതിനായി വായന സാമഗ്രികൾ, നൽകൽ ദിവസവും പത്രം വ്യക്തിഗതമായും ഗ്രൂപ്പ് ആയും വായിക്കൽ, പത്രക്വിസ് നടത്തൽ, സമ്മാനം നൽകൽ, ആഴ്ചതോറും ലൈബ്രറി പുസ്തകം നൽകി വായനക്കുറിപ്പുകൾ തയ്യാറാക്കൽ അവതരണം പ്രദർശനം പതിപ്പ് തയ്യാറാക്കൽ. പ്രദർശനം ഉച്ചവാർത്ത തയ്യാറാക്കി അവതരിപ്പിക്കൽ, സായാഹ്ന പത്രം തയ്യാറാക്കി അവതരിപ്പിക്കൽ, ഗ്രൂപ്പ് ഭാഷാ വികസനത്തിന് ആധുനിക സാങ്കേതികവിദ്യ മലയാളം കമ്പ്യൂട്ടിങ്ങ്
എല്ലാ കുട്ടികൾക്കും നൽകുക

ചുമതല -C.T
ഉപമേഖല- ഇംഗ്ലീഷ് ഭാഷാ പഠനം

**ലക്ഷ്യം**
എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള കഴിവ്.

### നടത്തുന്ന പ്രവർത്തനങ്ങൾ

- പ്രീ ടെസ്റ്റ് നടത്തി നിലവാരം കണ്ടുപിടിക്കൽ
- ആഴ്ചയിലൊരു ദിവസം ഇംഗ്ലീഷ് അസംബ്ലി.

# ഗണിതം

**ലക്ഷ്യം**

അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക.

**പ്രവർത്തനം**

അബാക്കസിലൂടെ ഗണിതക്രിയകൾ പരിഹരിക്കൽ.

**ഉപമേഖല**

- ഐ.റ്റി.സി. സാധ്യത
- ഇന്റർനെറ്റ് - ഐ.സി.റ്റി. സാധ്യതകൾ കുട്ടികളെ പരിചയപ്പെടുത്തൽ.

**ഉപമേഖല - ആരോഗ്യ കായിക വിദ്യാഭ്യാസം**

**ലക്ഷ്യം**

- നല്ല ആരോഗ്യ ശീലങ്ങൾ വളർത്തുക.
- കായിക ആരോഗ്യ ക്ഷമത വളർത്തുക.

പ്രവർത്തനങ്ങൾ ആരോഗ്യരംഗത്തെ പ്രഗൽഭരെക്കൊണ്ടുള്ള ആരോഗ്യ പഠന ക്ലാസുകൾ

യോഗ ക്ലാസുകൾ

**ഉപമേഖല**

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനായി നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

ചുമതല CT

മേഖല -അനുയോജ്യവും ആകർഷകവുമായസൗകര്യങ്ങൾ ഒരുക്കൽ

**ലക്ഷ്യങ്ങൾ**

- സുന്ദരവും സുരക്ഷിതവുമായ ഭൗതിക അന്തരീക്ഷം സൃഷ്ടിക്കൽ.
- സമൂഹത്തിന്റെ മാറിവരുന്ന സൗന്ദര്യബോധം പ്രതിഫലിപ്പിക്കുന്ന കെട്ടിടങ്ങൾ

**ഉപമേഖല : ഹരിത പരിസരം**

- ജൈവ വൈവിധ്യ പാർക്ക്
- ശലഭോദ്യാനം
- ജൈവ പച്ചക്കറി തോട്ടം

ചുമതല : CT

**ഉപമേഖല : സൗന്ദര്യവത്ക്കരണം**

- പൂന്തോട്ടം
- കുട്ടികളുടെ പാർക്ക്
- പുതിയ കെട്ടിട നിർമ്മാണം

**ഉപമേഖല :ഭൗതികസൗകര്യങ്ങൾ**

- അടുക്കള, ഡൈനിങ് ഹാൾ
- ലൈബ്രറി റീഡിംഗ് റൂം
- ഹൈടെക് ക്ലാസ് റൂമുകൾ

മേഖല : അക്കാദമികം

ഉപമേഖല : ലൈബ്രറി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സ്കൂൾ ലൈബ്രറി കുട്ടികളുടെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സഹകരണത്തോടെ ശാക്തീകരിക്കൽ വായന പരിപോഷിപ്പിക്കൽ | 1. ലൈബ്രറി സന്ദർശനം<br>2. പുസ്തകങ്ങൾ പട്ടിക തയ്യാറാക്കൽ<br>3. പുസ്തക ശേഖരണം, അസംബ്ലി ബോധവൽക്കരണം, പി.ടി.എ. മീറ്റിങ്<br>4. പുസ്തകവണ്ടി, പുസ്തക ശേഖരണം<br>5. പ്രദർശനം, കാറ്റലോഗ് തയാറാക്കൽ<br>6. ലൈബ്രറി പ്രവർത്തനം<br>7. പുസ്തക വിവരണം<br>8. കുറിപ്പ് തയ്യാറാക്കൽ<br>9. അവതരണം<br>10. പതിപ്പ് തയ്യാറാക്കൽ<br>11. പ്രദർശനം<br>12. സമ്മാനം നൽകൽ | | AT<br>CT<br>CT<br>വിദ്യാഭ്യാസ കൺവീനർ | ₹500<br>PTA |

## ഉപമേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും നല്ല ആരോഗ്യ ശീലങ്ങൾ വളർത്തുക. | ആരോഗ്യ ബോധവൽക്കരണ പരിപാടികൾ | | CT | ₹500 PTA |
| 2. കായികക്ഷമത ഉറപ്പാക്കുക | എറോബിക് പരിശീലനം<br>യോഗ പരിശീലനം | ആഴ്ചയിൽ ഒരു ദിവസം | യോഗ മാസ്റ്റർ | |

ഉപമേഖല :

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പരിശീലന പരിപാടികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ഈ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ട് എത്തിക്കാനുള്ള കർമപരിപാടികൾ ആസൂത്രണം ചെയ്യുക | 1. കായിക വിനോദങ്ങൾ<br>2.നിലവാരമനുസരിച്ച് പഠനപ്രവർത്തനം നൽകൽ<br>3. റിസോഴ്സ് ടീച്ചറിന്റെ സേവനം ഉറപ്പാക്കൽ<br>4. കലാപരിപാടികൾ | ദിവസവും<br>പ്രതിദിനം<br>ആഴ്ചയിലൊരു ദിവസം<br>ആഴ്ചയിലൊരു ദിവസം | CT<br>SRG<br>BRC<br>CT | ₹500<br>PTA |

മേഖല: അനുയോജ്യവും ആകർഷകവുമായ ഭൗതിക സൗകര്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 സുന്ദരവും സുരക്ഷിതവുമായ ഭൗതിക അന്തരീക്ഷം<br><br>2 സമൂഹത്തിന്റെ മാറിവരുന്ന സൗന്ദര്യ ബോധം പ്രതിഫലിപ്പിക്കുന്ന സ്കൂൾ കെട്ടിടങ്ങൾ | 1 ഹരിത പരിസരം നിർമ്മാണം<br><br>2 ശുചിത്വ സുന്ദര പരിസര നിർമ്മാണം<br><br>3 സുരക്ഷിത പരിസര നിർമ്മാണം | 2025 to 2026 | പിടിഎ<br><br>മാനേജർ | 200000 ₹ Sponser<br><br>Management<br><br>MLA fund |

## മേഖല ഭൗതിക ആസൂത്രണ രേഖഉപമേഖല ഹരിത പരിസരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.ജൈവവൈവിധ്യ പാർക്ക് | 1. സസ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾക്കാവശ്യമായ പാഠ്യപദ്ധതി സൂചിപ്പിക്കുന്ന മുഴുവൻ സസ്യങ്ങളും സ്കൂൾ കോമ്പൗണ്ടിൽ വച്ചുപിടിപ്പിക്കൽ | 1 year | PTA, SRG | ₹150000 Sponser |
| 2. ശലഭോദ്യാനം | 1 ശലഭോദ്യാനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ<br>2 ചെടികൾ നട്ടുപിടിപ്പിക്കൽ | 1 year | PTA, SRG | |
| 3. ജൈവപച്ചക്കറി കൃഷി തോട്ടം | 1. തോട്ട നിർമ്മാണം<br>2. കൃഷിദ്രവ്യങ്ങൾ കണ്ടെത്തൽ ഒരുക്കൽ<br>3. വിത്ത് നടീൽ, പരിപാലനം | All months | PTA, SRG | ₹2000 Krishi Bhavan |

മേഖല - വിദ്യാലയ തലത്തിൽ നിന്നും പഠന യാത്രകൾ പഠന സന്ദർശനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന കാലയളവ് | പ്രവർത്തന ചുമതല | സാമ്പത്തിക സ്രോതസ്സ് & ബഡ്ജറ്റ് |
| --- | --- | --- | --- | --- |
| വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും പ്രദേശത്തെ താല്പര്യമുള്ള പൂർവ്വ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് പഠന യാത്രകൾ പഠന സന്ദർശനങ്ങൾ മുതലായവ സംഘടിപ്പിക്കുക | വിദ്യാലയത്തിലെ തെരഞ്ഞെടുത്ത കുട്ടികൾക്കും പ്രദേശത്ത് താല്പര്യമുള്ള പൂർവ്വ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും സംഘടിപ്പിച്ചുകൊണ്ട് പൈതൃക സാംസ്കാരിക കേന്ദ്രങ്ങളിലേക്ക് പഠന യാത്രകൾ മുതലായവ സംഘടിപ്പിക്കുക | 2025 ജൂൺ മുതൽ 2026 മാർച്ച് 31 വരെ | സ്കൂൾ പിടിഎ തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതികൾ & സ്കൂൾ വികസന സമിതി | വിദ്യാലയത്തിലെ തെരഞ്ഞെടുത്ത കുട്ടികൾക്കും പ്രദേശത്തെ താൽപര്യമുള്ള പൂർവ്വ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് പൈതൃക സാംസ്കാരിക കേന്ദ്രങ്ങളിലേക്ക് പഠന യാത്രകൾ മുതലായവ സംഘടിപ്പിക്കുക 30 ലക്ഷം വീതം 5 വർഷത്തേക്ക്<br>സ്കൂൾ വികസന സമിതി 1.5 ലക്ഷം |

മേഖല- ക്ലാസ് പിടിഎ കൾ സജീവമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന കാലയളവ് | പ്രവർത്തന ചുമതല | സാമ്പത്തിക സ്രോതസ്സ് &ബഡ്ജറ്റ് |
|---|---|---|---|---|
| ക്ലാസ് പിടിഎ കൾ സജീവവും സർഗാത്മകവും ആകുന്ന | വിദ്യാലയത്തിലെ അധ്യാപകർക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലന പരിപാടികൾ,മേളകൾ, വായനാ കളരികൾ എന്നിവ സംഘടിപ്പിക്കുക | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതികൾ, എസ് എസ് എ , ഐടി @സ്കൂൾ & സ്കൂൾ വികസന സമിതി മുതലായവ | വിദ്യാലയത്തിലെ മുഴുവൻ അധ്യാപകർക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലന പരിപാടികൾ, മേളകൾ, വായന കളരികൾ എന്നിവ സംഘടിപ്പിക്കുന്ന 50 ലക്ഷം വീതം 5 വർഷത്തേക്ക്<br><br>സ്കൂൾ വികസന സമിതി<br><br>1.5 ലക്ഷം |

# പ്രതീക്ഷിത നേട്ടങ്ങൾ

1 മൂന്നുമുതൽ നാലുവരെ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷും മലയാളവും വായിക്കാനും എഴുതാനും പഠിക്കൽ

2 ഇംഗ്ലീഷിലും മലയാളത്തിലും സങ്കോചം കൂടാതെ ആശയവിനിമയം നടത്താൻ കഴിയുക

3 ഗണിത ക്രിയകൾ ചതുഷ്ക്രിയകൾ ഉറപ്പിക്കാൽ

4 ഓരോ കുട്ടിയും ഒരു കുട്ടി ശാസ്ത്രജ്ഞനായി മാറൽ

5 സമൂഹത്തിലെ മാറ്റങ്ങൾ ഉൾക്കൊള്ളാനുള്ള കഴിവുണ്ടാകൽ

6 വ്യായാമം യോഗ ഇവ പരിശീലിച്ച് ആരോഗ്യ കായിക ക്ഷമത ഉണ്ടാക്കൽ

7 വിവരസാങ്കേതികവിദ്യയിൽ അവഗാഹം നേടൽ

8 പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ മുഖ്യധാരയിലെത്തൽ

9 വായന ശീലമാക്കൽ

10 പുസ്തക ശേഖരണവും നൽകലും ശീലമാക്കൽ

# വിഷൻ 2026

## വിദ്യാലയത്തിന് പുതിയ കെട്ടിട സമുച്ചയം



